A

സമഗ്ര ശിക്ഷാ, കേരളം

802

പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025-26

മലയാളം

സമയം : 1½ മണിക്കൂർ

ക്ലാസ് : 8

കേരളപാഠാവലി

ആകെ സ്കോർ : 40

നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം **(4 × 1 = 4)**

1. "ഓതിയില്ലുത്തരമൊന്നുമച്ചോദ്യത്തി-
ന്നാതങ്കമേശാത്തൊരാപ്രസൂനം"
അടിവരയിട്ട പദത്തിന് സമാനമായ അർഥം വരുന്ന പദം ഏത് ?
   A. മൗലി
   B. പൂവ്
   C. വിണ്ട്
   D. പാര്

2. ചുവടെ പിരിച്ചെഴുതിയവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്?
   A. ഒച്ചയിടറി - ഒച്ച, ഇടറി
   B. മയിൽപ്പീലി - മയിൽ, പീലി
   C. ഉറക്കച്ചടവ് - ഉറക്ക, ചടവ്
   D. മരക്കൂട്ടം - മര, കൂട്ടം

3. ചുവടെ കൊടുത്തവയിൽ കഥകളിയുമായി ബന്ധമുള്ള പദങ്ങൾ ഏതെല്ലാം ?
   i) മടമ്പിടിക്കുക
   ii) തോറ്റം
   iii) കളിവിളക്ക്

   A. ഒന്നും രണ്ടും ശരി
   B. ഒന്നും മൂന്നും ശരി
   C. ഒന്നു മാത്രം ശരി
   D. രണ്ടുമാത്രം ശരി

(മറുപുറം)

4. തിങ്കളാഴ്ച നല്ല ദിവസം എന്ന പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു?

A. നോവൽ

B. കഥ

C. തിരക്കഥ

D. ആത്മകഥ

5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 3 സ്കോർ വീതം

(3 × 3 = 9

5. അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കി മാറ്റി എഴുതുക.

എന്റെ അപ്പച്ചന്റെ അടുത്ത സുഹൃത്തുക്കളായ അഭയദേവ് സാറും ദക്ഷിണാമൂർത്തി സ്വാമിയും ചേർന്നാണ് അതിലെ പാട്ടുകൾ ചെയ്തത്.

6. വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിക്കുന്ന ഫിലിം ഫെസ്റ്റിവലിൽ 'തിങ്കളാഴ്ച നല്ല ദിവസം' പ്രദർശിപ്പിക്കുന്നു. ഇതിന്റെ പ്രചാരണത്തിനാവശ്യമായ ഒരു പോസ്റ്റർ തയ്യാറാക്കുക.
സൂചന:

രചന, സംവിധാനം-പി. പത്മരാജൻ,
നിർമ്മാണം - എം. മണി,
അഭിനേതാക്കൾ- കവിയൂർ പൊന്നമ്മ, മമ്മൂട്ടി

7. (A) "നിന്നുടെ ജീവിതം മോശമെന്നല്ലി ഞാൻ
ചൊന്നതെന്നോമനേ? മാപ്പു നൽകൂ!"
(പനിനീർപ്പൂവ്)
കവിയുടെ ഈ വാക്കുകളിൽ നിന്നും നമുക്ക് ലഭിക്കുന്ന ജീവിതസന്ദേശമെന്തെല്ലാം? വ്യക്തമാക്കുക.

അല്ലെങ്കിൽ

(B) • "അഹന്തകൊണ്ടഴുക്കുപെട്ടിടാത്ത പുണ്യമൊന്നു
താൻ മഹത്തരം..."
(സിസ്റ്റർ മേരിബനീഞ്ച)

• "മനുഷ്യനോടുള്ള ആദരവിലാണ് യഥാർഥ സംസ്കാരം നിലകൊള്ളുന്നത്."
(മുഹമ്മദ് ഇക്ബാൽ)

മനുഷ്യജീവിതത്തെ പറ്റി രണ്ട് കവികളുടെയും കാഴ്ചപ്പാടുകൾ ഒന്നുതന്നെയാണോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 സ്കോർ വീതം
$(4 \times 5 = 20)$

8. "എല്ലാ മുഖങ്ങളിലും ഒരു പകപ്പുണ്ട്. അമ്മ കാറിലേക്ക് കയറിയിരുന്നു. നാരായണൻകുട്ടി ഡോറടച്ചു. അകലെ പശു കരഞ്ഞു. അമ്മ ഞെട്ടലോടെ അവിടേക്ക് നോക്കി."

(തിങ്കളാഴ്ച നല്ല ദിവസം)

സംഭാഷണങ്ങൾ മാത്രമല്ല, ദൃശ്യവിവരണങ്ങൾ കൂടിയാണ് സിനിമയെ ആകർഷകമാക്കുന്നത്. പാഠഭാഗത്തെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

9. • "ഏതൊരു മാലിൽത്താൻ മർത്ത്യർക്കു നിങ്ങളാൽ
സ്നീതമാമാനന്ദം വായ്ക്കുന്നില്ല"

(ഉള്ളൂർ)

• "നമ്മുടെയുടലുമുള്ളും
നിർമ്മലമാകിലേ പറ്റൂ
ഇമ്മലർപോലെ ചിരിച്ചാർക്കു-
മിഷ്ടമേകുവാൻ"

(വൈലോപ്പിള്ളി)

പൂക്കളെക്കുറിച്ചുള്ള രണ്ട് കവികളുടെയും നിരീക്ഷണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. "ഇനി എനിക്ക് എന്തിനാ പെൻസില് ?"
"ഇനി എന്റെ പങ്കുംകൂടി അനുതാര പഠിച്ചോളൂ." ഈറനായ ഒരു പൊട്ടിച്ചിരിയുതിർത്ത് നീലകണ്ഠൻ നടന്നുനീങ്ങി.

(താളുകൾക്കിടയിലൊരു മയിൽപ്പീലി)

നീലകണ്ഠന്റെ ജീവിതാവസ്ഥയെക്കുറിച്ച് എന്തെല്ലാം സവിശേഷതകളാണ് ഇവിടെ വെളിപ്പെടുന്നത്? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. (A) 'കളിവിളക്കിൻ തിരിനാളം' എന്ന ശീർഷകം കലാമണ്ഡലം രാമൻകുട്ടിനായരുടെ ആത്മകഥാഭാഗത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്? അഭിപ്രായം കുറിക്കുക.

അല്ലെങ്കിൽ

(B) "ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത് "

(ശ്രീനാരായണഗുരു)

ഈ വരികളിലെ ജീവിതദർശനത്തിന്റെ സമകാലികപ്രസക്തി വിവരിച്ച് കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (1 × 7 = 7)

12. (A) • "എത്ര ചികിത്സിച്ചാലും എന്നെ വിട്ടുപിരിയാൻ കൂട്ടാക്കാത്ത എന്റെ അസുഖം തരുന്ന നോവുകൾ പേറി കിതച്ചും തളർന്നും പാഠപുസ്തകങ്ങളുടെ താളുകളിൽ ഞാനറിയാതെ വീഴുന്ന കണ്ണുനീർത്തുള്ളികൾ തുടച്ചും എത്രയോ നാളുകളായി ഞാനിങ്ങനെ..."

• "ഏറ്റവും മനോഹരമാകേണ്ടിയിരുന്ന കുട്ടിക്കാലം, വിടരാതെ കരിഞ്ഞുപോയ ഒരിതൾപോലെ. നുണയാൻ മധുരമില്ലാതെ, കൂട്ടിന് കളിമേളങ്ങളില്ലാതെ"

(താളുകൾക്കിടയിലൊരു മയിൽപ്പീലി)

സൂചനകളും കഥയും വിശകലനം ചെയ്ത് അനുതാര എന്ന കഥാപാത്രത്തെ നിരൂപണം ചെയ്തു കുറിപ്പു തയ്യാറാക്കുക.

അല്ലെങ്കിൽ

(B) ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

നാവറിഞ്ഞ മലയാളം

അമ്മ വന്നു
കൊഞ്ചിയപ്പോൾ
അന്നു കേട്ട
മലയാളം
പണ്ട് നമ്മ-
ളറിയാതെ
ചുണ്ടനക്കിയ
മലയാളം

തേൻമധുരം
തൊട്ടനേരം
നാവറിഞ്ഞ
മലയാളം
മേലുരഞ്ഞ്
നീറിയപ്പോൾ
നോവറിഞ്ഞ
മലയാളം

(ഇ. ജിനൻ)